പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2315**

06.10.2016-ൽ മറുപടിക്ക്

## ഭവനരഹിതരായ എല്ലാവർക്കും വീട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ്<br>,, വി. ടി. ബൽറാം | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ 2013-ലെ കണക്ക് പ്രകാരം കേരളത്തിലെ ഭവന രഹിതരുടെ എണ്ണം 4,70,606 ആണ്. |
| (ബി) | സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് വെച്ച് നൽകുന്ന പദ്ധതിയിൽ വീടൊന്നിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (ബി) | സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് സർക്കാർ സബ്സിഡിയോടു കൂടി ഭവനനിർമ്മാണ ബോർഡ് നിലവിൽ, സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br><br>സാഫല്യം ഭവന പദ്ധതിയിലൂടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്കായി നിർമ്മിയ്ക്കുന്ന 327 ച.അടി വിസ്തീർണ്ണം വരുന്ന ഒരു ഫ്ളാറ്റിന് 3.50 ലക്ഷം രൂപ ചെലവാണ് അംഗീകരിച്ചിട്ടുള്ളത്.<br><br>ഗൃഹശ്രീ ഭവനപദ്ധതിയിലൂടെ EWS/LIG വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് സ്വന്തം ഭൂമിയിൽ പരമാവധി 66 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിയ്ക്കുന്നതിന് സർക്കാർ സബ്സിഡിയടക്കം 4 ലക്ഷം രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(i)സാഫല്യം ഭവന പദ്ധതി

ദുർബലവിഭാത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധസംഘടന/കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി.

ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം

പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ.) ഇതിന്റെ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കാവുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee-യ്ക്കായിരിക്കും. Beneficiary Selection Committee-യിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ആണ് ഉള്ളത്. ഭവനനിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം നിർദ്ദേശിയ്ക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ചെയർമാൻ. പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിയ്ക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെമ്പർ. പദ്ധതി പ്രദേശത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ / വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെമ്പർ.

ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ പതിന്നാല് ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് നൂറ് രൂപാ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

ടി ഡാറ്റാ ബാങ്കിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാ ഫാറം ഫീസ് 10 രൂപ) യുക്തമായ നടപടി ക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

(ii) ഗൃഹശ്രീ ഭവന പദ്ധതി

കുറഞ്ഞത് 2 സെന്റ് / 3സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെയും താഴ്ന്ന വരുമാന വിഭാഗത്തിലേയും ആളുകൾക്ക് പരമാവധി 66 ച.മീറ്റർ വിതീർണ്ണമുള്ള വീട് നിർമ്മിയ്ക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ.

→

മാനദണ്ഡം

സന്നദ്ധസംഘടനകൾ/NGO/കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവർ സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും പദ്ധതിയ്ക്കായി നിഷ്ക്കർഷിച്ചിട്ടുള്ള വരുമാനപരിധിയിലുംപ്പെട്ട യോഗ്യരായവരെ, അർഹതാമാനദണ്ഡം പരിശോധിച്ച് ഭവനനിർമ്മാണ ബോർഡ് സുതാര്യമായ രീതിയിൽ തെരെഞ്ഞെടുക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന സബ്സിഡി തുകയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമായി മാറ്റി വയ്ക്കുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ആവശ്യമായ എണ്ണം മുൻഗണനാടിസ്ഥാനത്തിൽ മാറ്റി നൽകുന്നതാണ്.

കൂടുതൽ അപേക്ഷകർ ഉള്ള പക്ഷം പദ്ധതിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആദ്യം അപേക്ഷ സമർപ്പിക്കുന്നവർക്ക് മുൻഗണന ലഭ്യമാകുന്നതാണ്.

സ്പോൺസറുടെ വിഹിതമായ 1 ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതമായ 1 ലക്ഷം രൂപയും ബോർഡിൽ മുൻകൂറായി അടയ്ക്കേണ്ടതുണ്ട്. സബ്സിഡി തുകയായ 2 ലക്ഷം രൂപയും ചേർത്തുള്ള 4 ലക്ഷം രൂപ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണഭോക്താവിന് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ